**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.739        11.06.2014-ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിലെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഹംസ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റു വിഭാഗം ജീവനക്കാരുടെയും ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെ വിഭാഗത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 197 പേരുടെ നിയമനശുപാർശ ലഭിച്ചിട്ടുണ്ട്. ഇവർക്ക് 28.06.2014-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടക്കുന്ന കൗൺസിലിംഗിൽ നിയമനം നൽകുന്നതാണ്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കി നിയമനം നൽകി സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതാണ്. സിവിൽ സർജൻ, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. പാരാമെഡിക്കൽ ജീവനക്കാരുടെ വിഭാഗത്തിലുള്ള ഒഴിവുകൾ പി.എസ്.സി വഴിയും, പ്രൊമോഷൻ മുഖേനയും കൂടാതെ അവശ്യഘട്ടത്തിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചും നികത്തി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലും ഓരോ കാറ്റഗറിയിലുമായി എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്; എത്ര ഒഴിഞ്ഞു കിടക്കുന്നു; എന്താണ് കാരണം; | (ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള വിവിധ വിഭാഗം ഡോക്ടർമാരുടെ തസ്തികയും ഒഴിവുകളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു: |

| വിഭാഗം | അനുവദിക്കപ്പെട്ട തസ്തിക | നിലവിലുള്ളത് | ഒഴിവുകൾ |
|---|---|---|---|
| ജനറൽ കേഡർ | 2801 | 2646 | 155 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | 222 | 219 | 3 |
| സ്പെഷ്യാലിറ്റി കേഡർ | 2001 | 1576 | 425 |

മെഡിക്കൽ വിദ്യാഭ്യാസ വൊകുപ്പിന് കീഴിലെ തസ്തികയും ഒഴിവുകളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വിഭാഗം | തസ്തിക | ഒഴിവുകൾ |
|---|---|---|
| പ്രൊഫസർ | 260 | 14 |
| അസോസിയേറ്റ് പ്രൊഫസർ | 309 | 46 |
| അസിസ്റ്റന്റ് പ്രൊഫസർ / ലക്ചറർ | 1475 | 289 |

(സി) നഴ്സുമാർ ഉൾപ്പെടെയുള്ള പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടെ എത്ര ഒഴിവുകൾ സംസ്ഥാനത്തുണ്ടെന്നും ഓരോ കാറ്റഗറിയിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണവും ഓരോന്നിന്റേയും ഒഴിവും തരംതിരിച്ച് പറയാമോ;

(സി) ആരോഗ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരം അനുബന്ധം (എ) ആയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന ലഭ്യമായ വിവരം അനുബന്ധം (ബി) ആയും ചേർത്തിരിക്കുന്നു.

(ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രി ഉൾപ്പെടെ മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടേയും അനുവദിക്കപ്പെട്ട തസ്തിക എത്ര; ഏതെല്ലാം ഒഴിഞ്ഞു കിടക്കുന്നു; എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; വിശദാംശം നൽകാമോ;

(ഡി) & (ഇ) ഉത്തരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.

(ഇ)മണ്ഡലത്തിലെ സി.എച്ച്.സി, പി.എച്ച്.സി-കളിൽ അനുവദിക്കപ്പെട്ട തസ്തികയും ഒഴിവുകളുടെ വിശദാംശവും നൽകാമോ?

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ